കവർസ്റ്റോറി

മുഹമ്മദ് അയിരൂർ

# മദ്റസാ നവീകരണം ചില വസ്തുതകൾ

**വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മുസ്‌ലിം സമുദായം ഉൾപ്പെടെയുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി വിദ്യാഭ്യാസ കമീഷനുകൾ, വിദഗ്ധ സമിതികൾ എന്നിവയുടെ റിപ്പോർട്ടുകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ രൂപകൽപ്പനചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന മദ്റസാ നവീകരണ പദ്ധതി (SPQEM) ശ്ലാഘനീയം തന്നെയാണ്. സ്വന്തം ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് സ്വന്തമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നിലനിർത്താനും ഭരണഘടന നൽകുന്ന അവകാശം നിലനിർത്തികൊണ്ടുതന്നെ പൊതുധാര വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കാളികളാകാനും വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും സമുദായാംഗങ്ങൾക്ക് സാധിക്കുന്നു എന്നതാണ് ഇതിന്റെ നേട്ടം. വിദ്യാഭ്യാസപരമായി അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന കേരളേതര സംസ്ഥാനങ്ങളിൽ ഇതു വളരെ ഫലപ്രദവും പ്രസക്തവുമാണ്.**



**1968–ലെ** വിദ്യാഭ്യാസനയത്തെ അടിസ്ഥാനമാക്കി ദേശവ്യാപകമായി നടന്ന സമഗ്രമായ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ദേശീയ വിദ്യാഭ്യാസനയം (National Policy on Education - N.P.E 1986) ആവിഷ്കരിച്ചത്. ഈ വിദ്യാഭ്യാസനയത്തിൽ ജാതിമത ഭാഷ ലിംഗ ഭേദമന്യേ എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന് ഊന്നിപ്പറയുന്നു. സ്ത്രീകൾ, പട്ടികജാതി പട്ടിക വർഗങ്ങൾ, മറ്റു പിന്നാക്ക സമുദായങ്ങൾ, പിന്നാക്ക പ്രദേശങ്ങളിലെ നിവാസികൾ എന്നിവർക്ക് വിദ്യാഭ്യാസ അവസരസമത്വം ഉറപ്പാക്കണമെന്ന് പ്രസ്തുതരേഖ അടിവരയിടുന്നു. “ചില ന്യൂനപക്ഷ സമുദായങ്ങൾക്ക് അർഹമായ വിദ്യാഭ്യാസ സാഹചര്യം നിഷേധിക്കപ്പെടുകയോ അവർ പിന്തള്ളപ്പെടുകയോ ചെയ്തിരിക്കുന്നു. ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസപ്രശ്നങ്ങൾക്ക് സത്വര പരിഹാര നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്നത് സമത്വബോധത്തിന്റെയും സാമൂഹികനീതിയുടെയും തേട്ടമാണ്. തങ്ങളുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന്ന് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നിലനിർത്താനും ഭരണ ഘടന നൽകുന്ന അവകാശത്തിൽ സ്വാഭാവിക

മായും ഇതുൾപ്പെടുന്നു. ഈ പിന്നാക്കാവസ്ഥയും അസമത്വവും നിർമാർജനം ചെയ്യുന്നതിന് അവസര സമത്വം ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു."

ഈ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട കർമപദ്ധതിയുടെ ഭാഗമായാണ് മദ്റസാ നവീകരണ സ്കീമിന് തുടക്കം കുറിച്ചത്. 'മദ്റസാ നവീകരണവും ഊർജിത പ്രാദേശിക പരിപാടികളും' (Modernisation of Madrassa and Area intensive Programme) എന്ന പേരിലറിയപ്പെടുന്ന ഈ പരിപാടി ഔദ്യോഗിക രേഖകളിൽ Scheme for Providing Quality Education in Madrassa (SPQEM) എന്ന പേരിലാണ് കാണുക. അതിലെ ആദ്യവാചകം തന്നെ ഇങ്ങനെ വായിക്കാം: "ജാതി, മത, ഭാഷ, ലിംഗ ഭേദമന്യേ എല്ലാവർക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ആശയം NPE 1986 അംഗീകരിക്കുന്നു. തുടർന്ന് ഈ സർക്കുലർ താഴെ പറയുന്ന വസ്തുതകൾ മുന്നോട്ടു വെക്കുന്നു.

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മുസ്‌ലിം ന്യൂനപക്ഷ വിദ്യാർഥികൾ മക്തബ, മദ്റസ, ദാറുൽ ഉലൂം എന്നിവകളിൽ ധാരാളമായി പഠനം നടത്തുന്നു. ഈ സ്ഥാപനങ്ങൾ ദേശീയപൊതുധാരാ വിദ്യാഭ്യാസ രീതിയിൽ നിന്നും അകന്നുനിൽക്കുന്നു എന്നതാണ് വസ്തുത. ഇത്തരം വിദ്യാർഥികൾക്ക് ആധുനിക വിഷയങ്ങളിൽ വിദ്യാഭ്യാസം നൽകുന്നതിന് ഊർജിത പ്രാദേശിക പരിപാടിയും, മദ്റസാ നവീകരണ പദ്ധതിയും കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നു. പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഈ പരിപാടിക്ക് രണ്ടു ഘടകങ്ങളാണുള്ളത്.

1) ഇത്തരം സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2) പാരമ്പര്യ മദ്റസകൾ, മക്തബകൾ, ദാറുൽ ഉലൂമുകൾ എന്നിവയിൽ ആധുനിക പാഠ്യവിഷയങ്ങൾ പരിചയപ്പെടുത്തുക. ഇതിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളും നടത്താനുദ്ദേശിക്കുന്ന പരിപാടികളും പ്രസ്തുത സർക്കുലർ വിശദീകരിക്കുന്നുണ്ട്.

● പിന്നാക്ക സമുദായങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വിദ്യാഭ്യാസ ശാക്തീകരണത്തിനും സഹായകമായ മാർഗനിർദേശങ്ങൾ സമർപ്പിക്കുന്നതിനായി 2004-ൽ The National Monitoring Committee for Minority Education (NMCME) രൂപീകരിച്ചു.

● ഈ കമ്മിറ്റി ദേശവ്യാപകമായി വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുകയും നിരവധി മുസ്‌ലിം നേതാക്കളുമായും വിദ്യാഭ്യാസ ചിന്തകരുമായും വിദ്യാഭ്യാസ പ്രവർത്തകരുമായും മദ്റസാ മേലാധികാരികളുമായും ആശയവിനിമയം നടത്തുകയും ചെയ്തു.

തദടിസ്ഥാനത്തിൽ മദ്റസാ നവീകരണ പദ്ധതിക്കാവശ്യമായ പരിപാടികൾ നിർദേശിക്കുന്നതിനായി ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി.

താഴെ പറയുന്ന നിർദേശങ്ങളാണ് വിദഗ്ധ സമിതി മുന്നോട്ടുവെച്ചത്:

എ) അക്കാദമികനിലവാര സർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി ഈ സ്ഥാപനങ്ങൾ National Institute of Open School(NIOS)മായി ബന്ധിപ്പിക്കുക.

ബി) മദ്റസകളെയും മറ്റും തൊഴിൽ വിദ്യാഭ്യാസവുമായി (Vocational Education) ബന്ധിപ്പിക്കുക.

സി) ഈ സ്ഥാപനങ്ങളിലെ ആധുനിക പാഠ്യവിഷയങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക.

ഡി) അധ്യാപക പരിശീലന പരിപാടികൾ നടപ്പിലാക്കുക.

ഇ) അധ്യാപകരുടെ വേതന നിലവാരം ഉയർത്തുക.

എഫ്) ദിശാഗതിനിയന്ത്രണ (Monitoring) ത്തിന് സംസ്ഥാന മദ്റസാ ബോർഡുകളെ ശാക്തീകരിക്കുക.

ജി) മുസ്‌ലിം സമുദായാംഗങ്ങളിൽ വിദ്യാഭ്യാസ പരിപാടികളെ സംബന്ധിച്ചുള്ള അവബോധം വളർത്തുക.

വിദഗ്ധ സമിതിയുടെ ഈ നിർദേശങ്ങൾ അംഗീകരിക്കപ്പെട്ടു. ഇതിനായി പതിനൊന്നാം പഞ്ചവത്സരപദ്ധതിയിൽ മുന്നൂറ്റി ഇരുപത്തഞ്ച് കോടി രൂപ നീക്കിവെച്ചു. മദ്റസകളിലും മക്തബകളിലും പഠിക്കുന്ന വിദ്യാർഥികൾക്ക് പ്ലസ്ടു വരെയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ശാസ്ത്രപാഠങ്ങൾ, സാമൂഹിക പാഠങ്ങൾ, ഗണിതശാസ്ത്രം, ഹിന്ദി, ഇംഗ്ലീഷ് എന്നിവ ഈ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താൻ സാമ്പത്തിക സഹായം നൽകുകയാണ് പ്രധാനലക്ഷ്യം. ദേശീയാടിസ്ഥാനത്തിൽ 4500 മുതൽ 6000 ത്തോളം വരുന്ന മദ്റസകളിലായി 13500നും 18000നും ഇടയിൽ വരുന്ന അധ്യാപകർക്ക് സഹായധനം നൽകാനാണ് ലക്ഷ്യമിടുന്നത്.

ഇതുമുഖേന ഏഴുലക്ഷത്തോളം വിദ്യാർഥികൾക്ക് അവരുടെ സാമ്പ്രദായിക വിദ്യാഭ്യാസത്തോടൊപ്പം ആധുനിക വിദ്യാഭ്യാസവും നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### സാമ്പത്തിക സഹായം ലഭിക്കാൻ

1. ഓരോ വിഷയത്തിനും ചുരുങ്ങിയത് പത്തു കുട്ടികളെങ്കിലും പഠിതാക്കളായുണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹികശാസ്ത്രം, ഭാഷ, കമ്പ്യൂട്ടർ അപ്ലിക്കേഷൻ & സയൻസ് എന്നീ വിഷയങ്ങളിൽ ഒരു ഗ്രാജ്വേറ്റ് അധ്യാപകന് മാസത്തിൽ 6000 രൂപ വീതവും, പോസ്റ്റ് ഗ്രാജ്വേറ്റ് അധ്യാപകന് 12000 രൂപ വീതവും 12 മാസത്തേക്ക് സേവനപ്രതിഫലമായി നൽകുന്നതാണ്. സംസ്ഥാന ഗവൺമെന്റുകളോ മദ്റസാ ബോർഡുകളോ ആണ് പഠിതാക്കളുടെ എണ്ണവും അധ്യാപകരുടെ യോഗ്യതയും ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടത്.

2. പ്രൈമറി, സെക്കന്ററി, സീനിയർ സെക്കന്ററി തലങ്ങൾക്ക് ലൈബ്രറികളോ ബുക്ക് ബാങ്കുകളോ സ്ഥാപിക്കുന്നതിന് ആദ്യ തവണ അമ്പതിനായിരം രൂപയും തുടർന്ന് വർഷംതോറും അയ്യായിരം രൂപ വീതവും ഗ്രാന്റായി നൽകും.

3. പ്രൈമറി, സെക്കന്ററി, സീനിയർ സെക്കന്ററിതലങ്ങൾക്ക് സയൻസ് കിറ്റ്, മാത്‌സ് കിറ്റ് തുടങ്ങിയ അത്യാവശ്യ പഠനബോധന സഹായികൾ വാങ്ങുന്നതിന് കൂടിയത് 15000 രൂപ എന്ന നിരക്കിൽ ധനസഹായം ലഭ്യമാക്കും.

4. സെക്കന്ററി, സീനിയർ സെക്കന്ററി തലങ്ങളിൽ സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, വർക്ക്ഷോപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഓരോ ലാബിനും ഒരു ലക്ഷം രൂപ വീതവും തുടർവർഷങ്ങളിൽ 5000 രൂപ വീതവും ധനസഹായം നൽകുന്നതാണ്.

5. SCERT, DIET, BRC എന്നീ പരിശീലന ഏജൻസികൾ മുഖേന അധ്യാപക പരിശീലനത്തിന് ഒരു അധ്യാപകന് ഒരു ദിവസം 100 രൂപ വീതം 15 ദിവസത്തേക്ക് എന്ന തോതിൽ നൽകും.

6. NIOS മുഖേന പരീക്ഷ എഴുതുന്ന വിദ്യാർഥികൾക്ക് രജിസ്ട്രേഷൻ ഫീ, പരീക്ഷാ ഫീ തുടങ്ങി മുഴുവൻ ഫീസും നൽകും.

7. NIOSന്റെ നിബന്ധനകൾക്ക് വിധേയമായി വൊക്കേഷണൽ വിഷയങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസും നൽകുന്നതാണ്.

8. മുസ്‌ലിം സമുദായത്തിന്റെ ബോധവൽക്കരണം, യോഗ്യരായ ജീവനക്കാരുടെ നിയമനം, ഓഫീസിന്റെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയവക്ക് സംസ്ഥാന മദ്റസാ ബോർഡിന് അഞ്ചു ലക്ഷം രൂപ

നൽകുന്നതാണ്.

9. ദിശാഗതി നിയന്ത്രണം (Monitoring), വിലയിരുത്തൽ (Evaluation), പരസ്യം (Publicity) എന്നിവക്കായി അമ്പതു ലക്ഷം രൂപ നീക്കിവെക്കും.

### ധനസഹായത്തിന്നർഹർ

● മൂന്നുവർഷത്തെ പ്രവർത്തനപാരമ്പര്യമുള്ളതും സംസ്ഥാന മദ്റസാ ബോർഡിലോ വഖ്ഫ്ബോർഡിലോ NIOS ലോ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ മദ്റസകൾക്ക് ധനസഹായത്തിന്നർഹതയുണ്ടായിരിക്കുന്നതാണ്.

● വിദൂരപഠന (Distance Education) രീതി സ്വീകരിക്കുന്ന കേന്ദ്രങ്ങൾ NIOSന്റെ അക്രഡിറ്റേഷൻ സ്വീകരിക്കേണ്ടതാണ്.സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്രഗവൺമെന്റിന്റേയോ മറ്റേതെങ്കിലും രീതിയിൽ അധ്യാപക പരിശീലനം, പാഠപുസ്തകങ്ങൾ, കമ്പ്യൂട്ടർ, ശാസ്ത്ര-ഗണിതശാസ്ത്ര കിറ്റുകൾ എന്നിവക്ക് ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾക്ക് ഈ പദ്ധതിപ്രകാരമുള്ള സഹായങ്ങൾ കിട്ടുന്നതല്ല.

### മറ്റു കാര്യങ്ങൾ

● പതിനൊന്നാം പ്ലാനിൽ 100 ശതമാനവും ഫണ്ട് കേന്ദ്ര ഗവൺമെന്റ് നൽകും. അതത് സംസ്ഥാന ഗവൺമെന്റുകൾ സമർപ്പിക്കുന്ന രൂപരേഖക്കനുസരിച്ചാണ് ഫണ്ട് അനുവദിക്കുക.

● ഓരോ വർഷവും മുൻവർഷത്തെ കണക്കുകൾ Update ചെയ്ത് സർട്ടിഫൈഡ് സ്റ്റേറ്റ്മെന്റോടുകൂടി സമർപ്പിച്ചാൽ മാത്രമേ തുക അനുവദിക്കുകയുള്ളൂ. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ആവശ്യപ്പെടുന്ന മുറക്ക് കണക്കുകളുടെയും പ്രവർത്തനങ്ങളുടെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

● സംസ്ഥാന സർക്കാറുകളും ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങളും വർഷാന്ത പുരോഗതി കുറിക്കുന്ന റിപ്പോർട്ടുകളും സാമ്പത്തികോപയോഗ സാക്ഷ്യപത്രങ്ങളും (Utilisation Certificate) സമർപ്പിക്കേണ്ടതും AG (Accountant General)യുടെ ഓഡിറ്റിംഗിന് വിധേയമാക്കേണ്ടതുമാണ്.

● ധനസഹായം സ്വീകരിക്കുന്ന ഏതു സ്ഥാപനത്തെയും ആവശ്യമെന്ന് തോന്നുന്ന പക്ഷം ഏതു സമയത്തും കേന്ദ്ര ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

● ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട ഒരു ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി സംസ്ഥാന സർക്കാറുകളുടെ പദ്ധതിനിർദേശങ്ങൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

### ചില നിരീക്ഷണങ്ങൾ

വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന മുസ്‌ലിം സമുദായം ഉൾപ്പെടെയുള്ളവരുടെ ഉന്നമനം ലക്ഷ്യമാക്കി വിദ്യാഭ്യാസ കമീഷനുകൾ, വിദഗ്ധ സമിതികൾ എന്നിവയുടെ റിപ്പോർട്ടുകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ രൂപകൽപ്പനചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്ന മദ്റസാ നവീകരണ പദ്ധതി (SPQEM) ശ്ലാഘനീയം തന്നെയാണ്. സ്വന്തം ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിന് സ്വന്തമായി വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാനും നിലനിർത്താനും ഭരണഘടന നൽകുന്ന അവകാശം നിലനിർത്തികൊണ്ടുതന്നെ പൊതുധാര വിദ്യാഭ്യാസ പ്രക്രിയയിൽ പങ്കാളികളാകാനും വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനും സമുദായാംഗങ്ങൾക്ക് സാധിക്കുന്നു എന്നതാണ് ഇതിന്റെ നേട്ടം. വിദ്യാഭ്യാസപരമായി അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന കേരളേതര സംസ്ഥാനങ്ങളിൽ ഇതു വളരെ ഫലപ്രദവും പ്രസക്തവുമാണ്.

എന്നാൽ കേരളത്തിൽ അൽപ്പംകൂടി മുൻകടന്ന് ചിന്തിക്കേണ്ടതുണ്ട്. കേരളത്തിൽ പൊതുവിദ്യാഭ്യാസധാരയിൽ ഉന്നത വിദ്യാഭ്യാസ യോഗ്യത കൈവരിക്കാനും മതവിദ്യാഭ്യാസം സമാന്തരമായി നേടാനും സംവിധാനങ്ങൾ ഉണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്നു ഭിന്നമായി സംസ്ഥാന മദ്റസാ ബോർഡിന്നുപകരം സമുദായം നേരിട്ട് രൂപീകരിച്ച് നടത്തിവരുന്ന വ്യത്യസ്ത മദ്റസാ ബോർഡുകളാണുള്ളത്. അതിനാൽ തന്നെ വഖ്ഫ് ബോർഡിലോ NIOS ലോ റജിസ്റ്റർ ചെയ്തതോ റജിസ്റ്റേർഡ് സൊസൈറ്റി/ ട്രസ്റ്റ് എന്നിവയുടെ കീഴിലുള്ളതോ ആയ മദ്റസകൾക്ക് മൂന്നു കൊല്ലത്തെ പ്രവർത്തന പാരമ്പര്യമുണ്ടെങ്കിൽ അർഹതയുണ്ട് എന്നതാണ് കേരളത്തിലെ ചട്ടങ്ങളിൽ പറയുന്നത്.

വേറെ ചിലപ്രശ്നങ്ങളും അവയുടെ പരിഹാരമാർഗങ്ങളും കൂടി ചിന്തിക്കേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

● കേരളത്തിൽ സംസ്ഥാന മദ്റസാ ബോർഡ് സംവിധാനം ഇല്ലാത്തതിനാൽ കാര്യക്ഷമമായ ഓഫീസ്സോ മറ്റു സംവിധാനങ്ങളോ ഇല്ല.

● ലഭിക്കുന്ന അപേക്ഷകളുടെ അർഹതയും ലഭ്യമാക്കുന്ന ഫണ്ട് വിനിയോഗത്തിലെ കൃത്യതയും വ്യക്തതയും ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

● കേരളത്തിലെ മുസ്‌ലിം സമുദായാംഗങ്ങളെ വേണ്ടവിധത്തിൽ ബോധവൽകരിക്കാൻ സാധിച്ചിട്ടില്ല.

● തികച്ചും അർഹതപ്പെട്ടവരെ കണ്ടെത്താനും കൂടുതൽ കാര്യക്ഷമമായ മാർഗങ്ങൾ കണ്ടെത്താനും ശ്രമമുണ്ടാകേണ്ടിയിരിക്കുന്നു.

● കേരളത്തിലെ പള്ളിദർസുകളിലും അറബിക്ക് കോളേജുകളിലും തഹ്ഫീദുൽ ഖുർആൻ സ്കൂളുകളിലും പഠിക്കുന്ന കുട്ടികൾക്കാണ് പലപ്പോഴും ആധുനിക വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നത്. ഭരണഘടന ഉറപ്പുവരുത്തിയ വിദ്യാഭ്യാസ അവസര സമത്വത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വിദ്യാഭ്യാസ കമീഷനുകൾ ഊന്നിപ്പറയുകയും വിദഗ്ധ സമിതികൾ പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും SPQEM പോലുള്ള പരിപാടികളിലൂടെ കേന്ദ്രഗവൺമെന്റ് ശ്രമിക്കുകയും ചെയ്യുമ്പോൾ കേരളാ ഗവൺമെന്റ് തികച്ചും നിഷേധാത്മകമായ സമീപനമാണ് തുടരുന്നത്. സ്വന്തം സംസ്കാരവും ഭാഷയും സംരക്ഷിക്കുന്നതിന്റെ ഭാഗമായി അറബിക്ക് കോളേജുകളിലും പള്ളിദർസുകളിലും തഹ്ഫീദുൽ ഖുർആൻ സ്കൂളുകളിലും പഠിക്കുന്നവർക്ക് ആധുനിക വിദ്യാഭ്യാസം നേടാൻ സാധിക്കുന്നവിധത്തിൽ ഉണ്ടായിരുന്ന 'പോക്' (Private Over aged Candidate System) സംവിധാനം സംസ്ഥാന സർക്കാർ നിർത്തലാക്കുകയാണുണ്ടായത്.

● അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾക്ക് അംഗീകാരം ആവശ്യാനുസരണം കൊടുക്കാതിരിക്കുകയും ഇത്തരം സ്ഥാപനങ്ങളിൽ വിദ്യാർഥികൾ പൊതുവിദ്യാഭ്യാസം നേടുന്നത് കുറ്റകരമായി പ്രഖ്യാപിക്കുകയും ചെയ്തു.

● NIOS ആയിരുന്നു അടുത്ത ആശ്രയം. NIOS റിസൽട്ട് വരുന്നതിനു മുമ്പേ ഏകജാലകം വഴി പ്ലസ് വൺ അഡ്മിഷൻ പൂർത്തീകരിക്കുക മുഖേന ആ വഴിയും അടച്ചുകളയുകയാണ് ചെയ്തത്.

### പരിഹാര മാർഗങ്ങൾ

● കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ കാര്യക്ഷമമായും വ്യവസ്ഥാപിതമായും അറബിഭാഷാ പഠനം നടക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി DPI ഓഫീസിൽ ഒരു അറബിക്ക് സ്പെഷൽ ഓഫീസർ തസ്തികയുമുണ്ട്. മുൻവിദ്യാഭ്യാസ

മന്ത്രിമാർ വളരെ ദീർഘദൃഷ്ടിയോടെ നടപ്പിലാക്കിയ ഈ സംവിധാനത്തെ ഒരു നോക്കുകുത്തിയായി ഒതുക്കിയിരിക്കുന്നു. വ്യക്തമായ യോഗ്യതകളും മാനദണ്ഡങ്ങളും നിശ്ചയിച്ച് കൃത്യമായ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നിലയിൽ ഈ സംവിധാനത്തെ ശക്തിപ്പെടുത്തുക. 2202-80-800-75 (CSS) Modernisation of Madrassa Education പ്രകാരം ആറു ലക്ഷം രൂപ പ്ലാനിംഗ് ബോർഡ് നീക്കിവെച്ചത് ഇതിനുവേണ്ടി ഉപയോഗിക്കാം.

● 2005-2006 വർഷത്തെ അപേക്ഷ മാത്രമേ പരിഗണിച്ചിട്ടുള്ളൂ. ആ വർഷത്തിൽ 150ൽ തഴെ മദ്റസകൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 2006-2007, 2007-2008, 2008-2009 വർഷങ്ങളിലെ അപേക്ഷകൾ തീർപ്പുകൽപിക്കാതെ കിടക്കുന്നു. 2006-2007 മുതൽ 1000 കണക്കിലാണ് അപേക്ഷകൾ വന്നിട്ടുള്ളത്. ഇതിന്റെ അർഹതയും ആവശ്യകതയും വ്യക്തമായും കൃത്യമായും ഉറപ്പുവരുത്തി ഫണ്ട് വിതരണത്തിന് നടപടികൾ സ്വീകരിക്കുക.

● മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതി ലക്ഷ്യമാക്കി Inspection for Muslim Education (IME), Inspector for Muslim Girls Education (IMGE) എന്നിങ്ങനെ രണ്ടു തസ്തികകൾ ക്രാന്തദർശികളായ മുൻ ഭരണകർത്താക്കൾ സൃഷ്ടിക്കുകയും മുസ്‌ലിം വിദ്യാർഥികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കൽ അവരുടെ പ്രധാന ചുമതലയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇതും കാര്യക്ഷമമല്ലാത്ത അവസ്ഥയിലാണ് ഉള്ളത്. ഈ സംവിധാനം കാര്യക്ഷമമാക്കുകയും എല്ലാ ജില്ലകളിലും ഡി.ഡി ഓഫീസുമായി ബന്ധപ്പെട്ട് ഐ.എം.ഇമാരെയും മുസ്‌ലിം ഭൂരിപക്ഷപ്രദേശങ്ങളിൽ ഐ.എം.ജി.ഇമാരെയും നിയമിക്കുകയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യുക (പൊതുവിദ്യാലയത്തിലെ അറബി അധ്യാപകരെ പരിശോധിക്കലല്ല ഇവരുടെ ഉത്തരവാദിത്വം എന്ന് ഓർക്കുക).

● DPIയുടെ കീഴിലുള്ള Arabic Special Officer (ASO)ഉം SCERTലെ അറബിക്ക് വിഭാഗം തലവനും കേരളത്തിലെ വ്യത്യസ്ത മദ്റസാ ബോർഡ് പ്രതിനിധികളും അടങ്ങുന്ന ഒരു സമിതി സംസ്ഥാനതലത്തിൽ മോണിറ്റർ ചെയ്യുകയും അപേക്ഷകൾ തീർപ്പുകൽപ്പിക്കുകയും ചെയ്യുക

● DD ഒഫിസുകളിലുള്ള IMEയും IMGEയും DIET Faculty പ്രതിനിധിയും അടങ്ങുന്ന മോണിറ്ററിംഗ് സമിതി ജില്ലകളിൽ മോണിറ്റർ ചെയ്യുകയും അപേക്ഷകളുടെ അർഹത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുകയും ചെയ്യുക (കൂടുതൽ പ്രതിനിധികളെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്താം).

● തീരപ്രദേശങ്ങളിലും ഗിരിപ്രദേശങ്ങളിലും മറ്റും മദ്റസാ ബിൽഡിംഗുകൾ ഉപയോഗപ്പെടുത്തി MGLS രീതിയിൽ സ്കൂൾപഠനം നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുക.

● കേരള സംസ്ഥാന ഓപ്പൺ സ്കൂൾ നിലവിലുണ്ടങ്കിലും അതു ഒരു ചൂഷണോപാധിയായി മാറിയിരിക്കുകയാണ്. 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ഈ സംവിധാനം ഉപകാരപ്പെടുന്നില്ല. മലബാർ പ്രദേശങ്ങളിൽ അവശ്യാനുസരണം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാത്തതിനാൽ തുടർവിദ്യാഭ്യാസം വഴിമുട്ടിയ വിദ്യാർഥികളാണ് കേരളാ ഓപ്പൺ സ്കൂളിലെ കറവപ്പശുക്കൾ. അമിതമായി ഫീസീടാക്കി കോടികണക്കിനു രൂപ ലാഭമുണ്ടാക്കുന്ന സംവിധാനമായിട്ടാണത് തുടരുന്നത്. ഇവർക്ക് തന്നെ അറബിക് ഓപ്ഷൻ കോംമ്പിനേഷനുകൾ അനുവദിക്കുന്നില്ല. ഈ ഓപ്പൺ സ്കൂളിൽ എസ്.എസ്.എൽ.സി കൂടി രജിസ്റ്റർ ചെയ്യാൻ അവസരമൊരുക്കുകയും SPQEM മുഖേന പഠിക്കുന്നവർക്ക് യഥാവസരങ്ങളിൽ എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകൾ എഴുതാൻ സംവിധാനമുണ്ടാക്കുകയും ചെയ്യുക.

● ഐ.എം.ഇമാരെയും ഐ.എം.ജി.ഇമാരെയും ഉപയോഗപ്പെടുത്തി SPQEM സംവിധാനം കര്യക്ഷമമായും സുതാര്യമായും ഉപയോഗപ്പെടുത്താൻ സമുദായത്തെ ബോധവത്കരിക്കുക.

● അനർഹമായ ഒരു ആനുകൂല്യവും തങ്ങൾ സ്വീകരിക്കുകയില്ല എന്നകാര്യത്തിൽ സമുദായ നേതൃത്വം ഉറച്ചുനിൽക്കുക. ഭരണഘടന ഉറപ്പുനൽകുന്നതും ഭരണകൂടങ്ങൾ നടപ്പിലാക്കുന്നതുമായ ആനുകൂല്യങ്ങൾ സുതാര്യമായും കൃത്യവും വ്യക്തവുമായ ലക്ഷ്യബോധത്തോടെയും സ്വീകരിക്കുകയും അതിനാവശ്യമായ നിർദേശങ്ങൾ ഭരണാധികാരികൾക്ക് യഥാസമയം നൽകുകയും ചെയ്യുന്ന കാര്യത്തിൽ സമുദായനേതൃത്വം ജാഗരൂഗരായിരിക്കുകയും അതിന് സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

● SPQEM ഗ്രാന്റ് കമ്മിറ്റിയിൽ ഗവൺമെന്റ് ഉദ്യോഗസ്ഥർക്കു പുറമേ സമുദായ നേതാക്കളുടെ പ്രതിനിധികൾക്കു കൂടി അംഗത്വം നൽകുക.

● എസ്.എസ്.എയിലെയും മറ്റും ന്യൂനപക്ഷ ശാക്തീകരണഫണ്ടുകൾ ഇത്തരത്തിൽ ദിശാബോധത്തോടെ വിനിയോഗിക്കാൻ ശ്രദ്ധചെലുത്തുക. ■

mohamed.ayrur@gmail.com
Ph: 9447309716